"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-പ്ലാനിംഗ്- ജീവനക്കാര്യം-എറണാകുളം മേഖലാ നഗരാസൂത്രണ കാര്യാലയത്തിലെ ചെയിൻമാൻ (ഹയർ ഗ്രേഡ്) ആയിരുന്ന ശ്രീ ജയപ്രകാശ് എ.എസ്-ന്റെ അനധികൃത ഹാജരില്ലായ്മ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.2184/2024/LSGD തീയതി,തിരുവനന്തപുരം, 13-11-2024

---

പരാമർശം:- 1. ചീഫ് ടൗൺ പ്ലാനറുടെ 08.09.2022-ലെ TCPCTP/1294/2019-A6 നമ്പർ കത്ത്.

2. പ്രിൻസിപ്പൽ ഡയറക്ടറുടെ 07.08.2024 തീയതിയിലെ LSGD/PD/2559/2023/DEF2 നമ്പർ കത്ത്

**ഉത്തരവ്**

എറണാകുളം മേഖലാ നഗരാസൂത്രണ കാര്യാലയത്തിലെ ചെയിൻമാൻ (ഹയർ ഗ്രേഡ്) ആയിരുന്ന ശ്രീ. ജയപ്രകാശ്.എ.എസ് അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്ന 27.05.2016 മുതൽ 11.11.2016 വരെയുള്ള കാലയളവ് സർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭ്യമാകാത്തതിനാൽ ക്രമീകരിച്ചിട്ടില്ലെന്ന് അറിയിച്ചിരുന്നതോടൊപ്പം 01.05.2018 മുതൽ 23.11.2019 വരെയുള്ള (24.11.2019 പിന്നിൽ ചേർക്കാൻ അനുമതിയോടെ) അനധികൃത ഹാജരില്ലായ്മ ശൂന്യവേതനാവധിയായി ക്രമീകരിക്കുന്നതിന് ശ്രീ. ജയപ്രകാശ്.എ.എസ് സമർപ്പിച്ച അവധി അപേക്ഷകൂടി പരാമർശം (1) പ്രകാരം ചീഫ് ടൗൺ പ്ലാനർ ലഭ്യമാക്കിയിരുന്നു.

2. ശ്രീ. ജയപ്രകാശ്.എ.എസ്-ന്റെ അനധികൃത ഹാജരില്ലായ്മ കാലയളവ് സർക്കാരിൽ നിന്നും ക്രമീകരിച്ച് ഉത്തരവാകുന്ന മുറയ്ക്ക് മാത്രമേ ടിയാന്റെ സേവന പുസ്തകം അപ്ഡേറ്റ് ചെയ്യുവാൻ സാധിക്കുകയുള്ളൂ എന്ന് പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ജയപ്രകാശ് എ.എസ്-ന്റെ 27.05.2016 മുതൽ 11.11.2016 വരെയും (12.11.2016, 13.11.2016 എന്നിവ പിൻചേർത്ത്), 01.05.2018 മുതൽ 23.11.2019 (24.11.2019 പിൻചേർത്ത്) വരെയുമുള്ള അനധികൃത ഹാജരില്ലായ്മ കാലയളവുകൾ ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിത അവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ, കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഷറഫ് എ
അണ്ടർ സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

2.ചീഫ് ടൗൺ പ്ലാനർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

3. ജോയിന്റ് ഡയറക്ടർ , മേഖലാനഗരാസൂത്രണ കാര്യാലയം, എറണാകുളം

4.ശ്രീ.ജയപ്രകാശ്. എ. എസ്, ചെയിൻമാൻ, എറണാകുളം മേഖലാ നഗരസൂത്രണ കാര്യാലയം(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം

6.വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി

7.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Keerthi I P
Date: 13-11-2024 14:55:49
സെക്ഷൻ ഓഫീസർ